## Well Done

During the first shift on 26th July 2007, Mr. Thomas C Anto, one of the IGT employee observed a damage on the hoist rope of RTGC -3. This crane was deployed for operations in import yard.

At about 1420hrs, Mr. Thomas heard a typical sound from the spreader while handling one 40' container and told the operator to stop the operation. After keeping the container back in the stack, Mr. Thomas informed the matter to his superior. Up on inspection, the damage on the hoist rope was observed and Engineers were called for further actions.



The presence of mind and immediate action was the most appropriate one by Mr. Thomas C Anto. IGT had congratulated him for his timely action and as a recognition of his good work, Commendation letter and Cash award was given to him.



A Painting by Elsa Mathew,
Daughter of Mathew Abraham

## ഞങ്ങളുടെ ഓണം

എ. അഷ്റഫ്



കേരളീയ ആഘോഷനാളിൽ പ്രധാനമായ ഓണം, ദേശീയ ഉത്സവവും കൂടിയാണ്. **IGT**, രാജീവ്ഗാന്ധി കയ്നർ ടെർമിനൽ ഏറെറടുത്ത് നടത്താൻ തുടങ്ങിയതു മുതൽ ഓണാഘോഷം തൊഴിലാളികളെയും പങ്കെടുപ്പിച്ച്, 2005, 2006 വർഷങ്ങളിൽ നടത്തിപ്പോന്നതിൽ നിന്നും വ്യത്യസ്ഥമായി ഈ വർഷം (2007) ഓണാഘോഷം "**കരുണാലയം**" എന്നറിയപ്പെടുന്ന, നിരാലംബരെ സംരക്ഷിക്കുന്ന സ്ഥാപനത്തിനായി മാററിവെച്ചത് ഏറെ പ്രശംസനീയമായി തോന്നി. നഗ്രേസത്ത്, മൂലംകുഴിയിൽ സ്ഥിതി ചെയ്യുന്ന ഈ ധർമ്മസ്ഥാപനത്തിൽ ഏകദേശം എഴുപതോളം വ്യത്യസ്ത പ്രായത്തിലുള്ള ക്ഷീണിതരും, രോഗാതുരരുമായ അന്തേവാസികൾക്ക് തിരുവോണദിവസം ഓണസദ്യ ഒരുക്കിക്കൊണ്ടായിരുന്നു ഈ രംഗപ്രവേശം നടത്തിയത്. അതുപോലെതന്നെ, "മിഷണറീസ് ഓഫ് ചാരിററി", പൂക്കാട്ടുപടി, "വിമലാഭവൻ" എറണാകുളം, ഈരവേലി മട്ടാഞ്ചേരി തുടങ്ങിയ സ്ഥാപനങ്ങളിലും തിരുവോണദിവസം ഓണസദ്യ ഒരുക്കിക്കൊടുക്കുകയുണ്ടായി.

ഇതുപോലെ അനാഥരും രോഗികളുമായ ഇവർക്ക് നൽകിയ ഈ സദ്യയിൽ അവരോടൊപ്പം ചെലവഴിക്കുവാൻ അവസരം ഉണ്ടായതിൽ എനിക്കും അവിടെയെത്തിയ എല്ലാവർക്കും ഹൃദ്യമായിത്തോന്നി. ഈ അവസരത്തിൽ ഡോ. പ്രസാദ് (Priest) ഇതിൽ പങ്കെടുത്ത് അന്തേവാസികൾക്ക് ആശ്വാസവചനങ്ങൾ നല്കി അവരെ സാന്ത്വനിപ്പിക്കുകയും ചെയ്തത് നമ്മെയും ഉദ്ബോധിപ്പിക്കുവാൻ പ്രേരണനൽകുന്നതായിരുന്നു.

ഈ തരത്തിൽ മൂല്യാധിഷ്ഠിതമായി ചിന്തിക്കുകയും സംഘടിപ്പിക്കുകയും ചെയ്ത IGTPL മാനേജ്മെന്റ് തീർച്ചയായും അഭിനന്ദനമർഹിക്കുന്നു.

## സ്വപ്നങ്ങൾ

ഉടഞ്ഞുപോകട്ടെ വിധിവിലക്കുകൾ
ഉയരട്ടെ സത്യവും ആത്മാർഥതയും-
അണിയട്ടെ സമൂഹം ത്യാഗത്തിന്റെ
തിരുവസ്ത്രം
നിവരട്ടെ താഴ്ന്നശിരസ്സുകളെല്ലാം-
വിരിയട്ടെ സാഹോദര്യത്തിന്റെ
പൂമൊട്ടുകൾ

രണ്ടായി പകുത്ത മനസ്സുകളൊന്നാക്കാൻ
കാലം മുറവിളി കൂട്ടുന്നു.
നിലയില്ലാ ശൂന്യതയുടെ അധികാരഭാവം
ഉണരട്ടെ ഈ ശൂന്യതയിൽ നിന്നും-
മായട്ടെ, ഈ അന്ധകാരത്തിന്റെ
നിഴലുകൾ
കാറ്റിലെ തിരിപോൽ കെട്ടുപോകാം
എന്റെയീ സ്വപ്നങ്ങളെല്ലാം.

- രാജേഷ്,



SamJoe & M.Mejella